# പതിമൂന്നാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4527 — 17/12/2014 - ൽ മറുപടിക്ക്

## ഇ.എസ്.ഐ ആനുകൂല്യങ്ങൾക്കുള്ള പ്രാദേശിക പരിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| എ) തൊഴിലാളികൾക്ക് ഇ.എസ്.ഐ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഓരോ ജില്ലയിലും പ്രത്യേക പരിധികൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) ഇല്ല; ഓരോ ഡിസ്പെൻസറിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് അതാത് ഡിസ്പെൻസറികളിൽ പ്രൈമറി കെയറും ബന്ധപ്പെട്ട ആശുപത്രികളിൽ നിന്ന് സെക്കന്ററി കെയറും ലഭ്യമാകുന്നതാണ്. ഇതിന് ജില്ല ഒരു മാനദണ്ഡമേയല്ല. |
| ബി) മലപ്പുറം ജില്ലയിൽ നിലവിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇ. എസ്. ഐ ആനുകൂല്യങ്ങൾ ലഭിക്കുന്നത്; | ബി) മലപ്പുറം ജില്ലയിൽ വാഴക്കാട്, നിലമ്പൂർ, ഹാജിയാർപ്പള്ളി, കോട്ടയ്ക്കൽ, കുറ്റിപ്പുറം എന്നിങ്ങനെ അഞ്ച് ഇ.എസ്.ഐ ഡിസ്പെൻസറികളുടെ പരിധിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഇ.എസ്.ഐ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാണ്. |
| സി) ജില്ലയിലെ പ്രധാന നഗരങ്ങളായ പെരിന്തൽമണ്ണ, മഞ്ചേരി പ്രദേശങ്ങളിലും ഇ.എസ്.ഐ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിലാളികളെ ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി എടുക്കുമോ? | സി) പെരിന്തൽമണ്ണ, മഞ്ചേരി പ്രദേശങ്ങളിൽ ഇ.എസ്.ഐ പദ്ധതി വ്യാപിപ്പിക്കുന്നതിനായി പുതിയ ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ